**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 350** **16-09-2025 - ൽ മറുപടിയ്ക്ക്**

**മയക്കമരുന്ന് വ്യാപനവും അതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കമരുന്ന് വ്യാപനവും അതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും വർധിച്ചുവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മയക്കമരുന്ന് ഉത്പാദനവും വിപണനവും ഉപയോഗവും തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ നിരീക്ഷണങ്ങളും പരിശോധനകളും നടത്തിവരുന്നുണ്ട്. സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോൾ ടീമുകൾ എന്നിവ രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തിവരുന്നു. എക്സൈസ് കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാരസെൽ മുഖേനയും ജില്ലാ തല കൺട്രോൾ റൂമുകൾ മുഖേനയും പൊതുജനങ്ങൾ മുഖേനയും ലഭ്യമാകുന്ന പരാതികളിന്മേൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിലും, ഊടുവഴികളിൽ കൂടിയും ലഹരി വസ്തുക്കൾ കടത്തുന്നത് തടയുന്നതിനു വേണ്ടി സംസ്ഥാന അതിർത്തി പങ്കിടുന്ന തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) രൂപീകരിച്ച് പരിശോധനകൾ നടത്തി വരുന്നു.<br><br>വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ മുഖേനെയും ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ മുഖേനയും രാസലഹരി ഉൾപ്പെടെയുള്ള മയക്കമരുന്നുകൾ കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിനും തടയുന്നതിനും എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൊറിയർ സർവ്വീസ് വഴിയുള്ള ലഹരിക്കടത്ത് |

| | | | |
|---|---|---|---|
| | | | തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തിവരുന്നു.<br><br>യുവജനങ്ങൾക്കിടയിൽ മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും വിമുക്തി മിഷൻ മുഖേനെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെകുറിച്ചുള്ള ബോധവൽക്കരണം കുട്ടികൾക്കും യുവാക്കൾക്കും പകർന്ന് നൽകി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും അല്ലാതെയും നടത്തി വരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നിലവിൽ സ്കൂൾ തലത്തിൽ വിമുക്തി ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും കായിക ലഹരി വളർത്തുന്നതിനുമായി സംസ്ഥാനത്തെ 29 സ്കൂളുകളിൽ "ഉണർവ്വ്" എന്ന പേരിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, കളിയുപകരണങ്ങളുടെ വിതരണം എന്നിവ നടപ്പിലാക്കി വരുന്നു.<br><br>ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് സംശയിക്കാവുന്നതും സഹായം വേണ്ടതുമായ കുട്ടികളുടെ വിവരം അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലേ കണ്ടെത്തി കൗൺസെലിംഗ് നൽകി വരുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യത ഇല്ലാതാക്കുന്നതിനും കോളേജ് കാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.<br><br>സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി-ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി ജനജാഗ്രതാസമിതികൾ രൂപീകരിച്ച് സമൂഹത്തിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനും യുവജനങ്ങളെ ഇതിൽ നിന്ന് അകറ്റുന്നതിനുമായി സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാം; | (ബി) | മയക്കുമരുന്ന് ഉത്പാദനവും വിപണനവും ഉപയോഗവും തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ നിരീക്ഷണങ്ങളും പരിശോധനകളും നടത്തിവരുന്നുണ്ട്. സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോൾ ടീമുകൾ എന്നിവ രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തിവരുന്നു. എക്സൈസ് കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാരസെൽ മുഖേനയും ജില്ലാ തല കൺട്രോൾ റൂമുകൾ മുഖേനയും പൊതുജനങ്ങൾ മുഖേനയും ലഭ്യമാകുന്ന പരാതികളിന്മേൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിലും, ഊടുവഴികളിൽ കൂടിയും ലഹരി വസ്തുക്കൾ കടത്തുന്നത് തടയുന്നതിനു വേണ്ടി സംസ്ഥാന അതിർത്തി പങ്കിടുന്ന തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) രൂപീകരിച്ച് പരിശോധനകൾ നടത്തി വരുന്നു.<br><br>വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ മുഖേനെയും ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ മുഖേനയും രാസലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിനും തടയുന്നതിനും എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൊറിയർ സർവ്വീസ് വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തിവരുന്നു.<br><br>യുവജനങ്ങൾക്കിടയിൽ മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും വിമുക്തി മിഷൻ മുഖേനെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെകുറിച്ചുള്ള ബോധവൽക്കരണം കുട്ടികൾക്കും യുവാക്കൾക്കും പകർന്ന് നൽകി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും അല്ലാതെയും നടത്തി വരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നിലവിൽ സ്കൂൾ തലത്തിൽ വിമുക്തി ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും കായിക ലഹരി വളർത്തുന്നതിനുമായി സംസ്ഥാനത്തെ 29 സ്കൂളുകളിൽ "ഉണർവ്വ്" എന്ന പേരിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, കളിയുപകരണങ്ങളുടെ വിതരണം എന്നിവ നടപ്പിലാക്കി വരുന്നു.<br><br>ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് സംശയിക്കാവുന്നതും സഹായം വേണ്ടതുമായ കുട്ടികളുടെ വിവരം അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലേ കണ്ടെത്തി കൗൺസെലിംഗ് നൽകി വരുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യത ഇല്ലാതാക്കുന്നതിനും കോളേജ് കാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.<br><br>സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി-ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി ജനജാഗ്രതാസമിതികൾ രൂപീകരിച്ച് സമൂഹത്തിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ചെറുക്കുന്നതിനായി എക്സൈസ് വകുപ്പും ആഭ്യന്തര വകുപ്പും സംയുക്തമായി നടത്തുന്ന പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ചെറുക്കുന്നതിനായി എക്സൈസ് വകുപ്പും ആഭ്യന്തര വകുപ്പും സംയുക്തമായിച്ചേർന്ന് അതിർത്തി ചെക്ക് പോസ്റ്റുകളിൽ പോലീസ് ഡോഗ് സ്ക്വാഡിനെ ഉൾപ്പെടുത്തി അന്തർസംസ്ഥാന വാഹനങ്ങളിലടക്കം കാര്യക്ഷമമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. ആർ.പി.എഫ്., പോലീസ് എന്നിവയുമായി ചേർന്ന് ട്രെയിനുകളിലും, റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തിവരുന്നു. |
| (ഡി) | സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | സ്കൂൾ, കോളേജ് തലങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളുടെയും, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്സ് & ഗൈഡ്സ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ എന്നിവയുടെയും സഹായത്തോടെയും ഏകോപനത്തോടെയും സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ വിമുക്തി മിഷന്റെ നേതൃത്വത്തിൽ ലഹരി |

| | | | |
|---|---|---|---|
| | | | വിരുദ്ധ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ലഹരിവിരുദ്ധ സന്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും, നോട്ടീസുകളും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ